**മധുരമായ കുട്ടികളെ, ഈ ജ്ഞാനത്തിൽ ഗംഭീരതയുടെ ഗുണം ധാരണ ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്, ഒരിക്കലും തന്റെ അഭിമാനം വരാൻ പാടില്ല, മാതാക്കൾക്ക് ബഹുമാനം കൊടുക്കണം.**

**ചോദ്യം** – എല്ലാ കുട്ടികളെയും പ്രതി ബാബയുടെ ആശ എന്താണ്? ആ അഗ്രഹം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും?

**ഉത്തരം** – ബാബയുടെ ആഗ്രഹമാണ്– കുട്ടികൾ അങ്ങിനെയുള്ള പുരുഷാർത്ഥം ചെയ്യണം അതിലൂടെ നരനിൽ നിന്ന് നാരായണനായി മാറി കാണിച്ചുകൊടുക്കണം. ഇതിലൂടെത്തന്നെയാണ് ബാബയുടെ പ്രത്യക്ഷതയുണ്ടാകുന്നത്. ഇങ്ങനെയുള്ള പ്രത്യക്ഷത കാണിക്കൂ, അതിൽ ബാബയുടേയും കുട്ടികളുടേയും മഹിമ ഉണ്ടാകണം. ബാബ പറയുന്നു– കുട്ടികളെ, അഥവാ നിങ്ങൾ നരനിൽനിന്ന് നാരായണനായി മാറുകയാണെങ്കിൽ നിങ്ങളുടേയും എന്റേയും ക്ഷേത്രങ്ങൾ ഉണ്ടാക്കപ്പെടും. ഇങ്ങിനെ പൂജ്യരായി മാറണമെങ്കിൽ അച്ഛനെ ഫോളോ ചെയ്യൂ. സ്വയം സ്വയത്തോട് പ്രതിജ്ഞ ചെയ്യൂ – ഞങ്ങൾ പൂർണ്ണമായും ഫോളോ ചെയ്യാം.

**ഗീതം** – നമ്മൾ തമ്മിൽ കണ്ടുമുട്ടിയ നാൾ മുതൽ....

**ഓം ശാന്തി** – കുട്ടികൾ അനുഭവം ചെയ്യുന്നു – കുട്ടികൾക്ക് അനുഭൂതി വരുന്നുണ്ട്. അപ്പോൾ തീർച്ചയായും നമ്മൾ പുതിയ ലോകത്തിലേക്കുവേണ്ടി പുതിയ കാര്യങ്ങളാണ് കേൾക്കുന്നത്. നമ്മുടെ ഈ പ്രീതി പുതിയതായി തോന്നുന്നു. മറ്റൊരാളുടേയും പ്രീതി സന്മുഖത്ത് പരംപിതാ പരമാത്മാവിന്റെ കൂടെയുണ്ടാകില്ല. അപ്പോൾ ഇത് പുതിയ കാര്യമല്ലേ. നിങ്ങൾക്കറിയാം ബാബ പതീതപാവനനാണ്. പഴയ ലോകത്തെ പതീതമെന്നും പുതിയ ലോകത്തെ പാവനമെന്നും പറയുന്നു. അപ്പോൾ നിങ്ങളുടെ പ്രീതി പുതിയ ലോകത്തോടാണ്. നിങ്ങൾക്കിതറിയാം നമ്മുടെ ബുദ്ധിയിപ്പോൾ പുതിയ ലോകം സ്വർഗ്ഗത്തോടാണ്. അതിനെ ശിവാലയം എന്നു പറയുന്നു. ഈ ലോകത്തെ വേശ്യാലയം എന്നും പറയുന്നു. ഇവിടെ എല്ലാവരും വികാരി മനുഷ്യരാണ്. സത്യയുഗത്തിൽ നിർവികാരികളാണ് അതുകൊണ്ട് ശിവാലയം എന്ന് പറയുമല്ലോ. ശിവബാബ തന്നെയാണ് ഇങ്ങനെയുള്ള നിർവികാരി ലോകം സ്ഥാപിക്കുന്നത്. ഇതും അറിയാം ഈ ലോകത്തിൽ ദേവതകളുടെ ചിത്രങ്ങൾ ഉണ്ട്. ആ ദേവതകൾ പുതിയ ലോകത്തിൽ വസിക്കുന്നവരാണ്. ഭാരതവാസികൾ എല്ലാം മറന്നുപോയിരിക്കുന്നു. അവരാണെങ്കിൽ ഹിന്ദുസ്ഥാൻ എന്നാണ് പറയുന്നത്. ഞങ്ങളുടെ പ്രിയപ്പെട്ട ഹിന്ദുസ്ഥാൻ. അതെ, തീർച്ചയായും പ്രിയമുള്ളതായിരുന്നു. പക്ഷേ വാസ്തവത്തിൽ ഹിന്ദുസ്ഥാൻ എന്ന പേര് തന്നെയില്ല. ഭാരതഖണ്ഡം എന്നാണ് പറയുന്നത്. അതുകൊണ്ട് കുട്ടികൾക്കറിയാം ഇതെല്ലാം പുതിയ കാര്യങ്ങളായി തോന്നുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ ഒരിക്കലും കേട്ടിട്ടില്ല. ഈ ജ്ഞാനം മുഴുവൻ ലോകത്തിൽനിന്നും വിചിത്രമാണ്. ഭാരതവാസികളുടെ ക്ഷേത്രങ്ങളും വളരെയുണ്ട്. ക്രിസ്ത്യൻസിന് ഒരേയൊരു ചർച്ച് മാത്രമേയുള്ളു. പിന്നീട് വേറെ വേറെ ചർച്ചുകൾ ഉണ്ടാക്കുന്നു. സത്യയുഗത്തിലാണെങ്കിൽ ഒരു ക്ഷേത്രവും ഉണ്ടാകില്ല. കാരണം ചൈതന്യ ദേവതകളുടെ രാജ്യമാണ് നടക്കുന്നത്. ദേവതകൾ ശിവാലയത്തിൽ പുതിയ ലോകത്തിലാണ് രാജ്യം ഭരിക്കുന്നത്. ഇപ്പോൾ പുതിയ ലോകത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കറിയാം. ബാബ ഈ പുതിയ വീട് ഉണ്ടാക്കിയിരിക്കുകയാണ് എന്ന ചിന്ത പോലും വരരുത്. വാസ്തവത്തിൽ പഴയ ലോകത്ത് ഇതും പഴയതുതന്നെയാണ്. നമ്മുടെ പ്രീതിയിപ്പോൾ പുതിയ ലോകത്തോടാണ്. ആത്മാക്കൾ സന്മുഖത്തിരിക്കുന്ന പരമാത്മാവിന്റെ ഒപ്പം പ്രീതി വെച്ചിരിക്കുകയാണ്. മനുഷ്യർ മനസ്സിലാക്കുന്നു ബ്രഹ്മാകുമാർ കുമാരിമാർക്ക് ബ്രഹ്മാവിനോടാണ് പ്രീതിയുള്ളത്. നിങ്ങൾക്കറിയാം നമുക്ക് ഒരു ശിവബാബയോടാണ് പ്രീതിയുള്ളത്. രണ്ടാമതൊരാളില്ല. നിങ്ങളുടെ പേര് ബി.കെ എന്നാണെങ്കിലും ബ്രഹ്മാവിനോട് പ്രീതിയില്ല. ബ്രഹ്മാവാണെങ്കിൽ ദേഹധാരിയാണ്. ജനനമരണത്തിലേക്ക് വരുന്നു. നിങ്ങൾക്ക് ദേഹത്തോട് സംബന്ധം വക്കേണ്ടതില്ല. ആ ഗുരുക്കന്മാർ തങ്ങളുടെ പേര് സച്ചിദാനന്ദൻ എന്ന് വെക്കുന്നു, പക്ഷേ സത്, ചിത് ആനന്ദ സ്വരൂപൻ ഒരു പരമാത്മാവിനെത്തന്നെയാണ് പറയുന്നത്. ആത്മാവ് സത്, ചിത്, ആനന്ദരൂപം, ശാന്തരൂപം, ജ്ഞാനരൂപമായിരുന്നു. ഇപ്പോൾ നിങ്ങൾ വീണ്ടും ഈ സംഗമത്തിൽ ആയിക്കൊണ്ടിരിക്കുകയാണ്. എങ്ങിനെയാണോ ബാബക്ക് മഹിമയുള്ളത്, ജ്ഞാനത്തിന്റെ സാഗരൻ, ശാന്തിയുടെ സാഗരൻ... നിങ്ങളും സത് ചിത് ആനന്ദസ്വരൂപമാണ്. ബീജത്തേയും വൃക്ഷത്തേയും ഓർമ്മിക്കുന്നതിലൂടെ മുഴുവൻ ജ്ഞാനവും വരുന്നു. തീർച്ചയായും 5 യുഗമാണുള്ളത്. ഇപ്പോൾ സംഗമയുഗമാണ്. ഈ സംഗമയുഗത്തെ ലോകത്തുള്ളവർ അറിയുന്നില്ല. ഇനി അറിയാമെങ്കിലും വിസ്തരിച്ച് അറിയുന്നില്ല. സത്യയുഗത്തിൽ ആര്

രാജ്യം ഭരിച്ചിരുന്നു. എങ്ങിനെയാണ് രാജ്യം നേടിയത്. നിങ്ങൾ ഇപ്പോൾ രാജ്യം നേടിക്കൊണ്ടിരിക്കുകയാണ്. പുനർജ്ജന്മം എടുത്ത് ചക്രത്തിലേക്ക് വരികതന്നെ വേണം. സദാ സ്വർഗ്ഗത്തിൽ ആർക്കും ഇരിക്കാൻ സാധിക്കില്ല. സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും അറിവ് ഇപ്പോഴാണ് ലഭിച്ചത്. ഇപ്പോൾ കലിയുഗമാണ്. പിന്നീട് തീർച്ചയായും സത്യയുഗം ഉണ്ടാകും. അപ്പോൾ തീർച്ചയായും പരംപിതാ പമരാത്മാവ് സംഗമത്തിൽ തന്നെയാകും വന്നിരിക്കുന്നത്. അവരുടെ മഹിമ തന്നെ വ്യത്യസ്തമാണ്. ഒരാളുടെ മഹിമ വേറെ ഒരാൾക്ക് ഉണ്ടാവണമെന്നില്ല. ഓരോരുത്തരുടേയും കർത്തവ്യം, സംസ്കാരം എല്ലാം അവരവരുടേതാണ്. ഒരുപോലെയാകില്ല. ഓരോ ആത്മാവിലും തന്റേതായ പാർട്ട് ഉണ്ട്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് – ആത്മാവ് 84 ജന്മം എടുക്കുന്നു. നിങ്ങൾ പുതിയ കാര്യങ്ങളാണ് കേൾക്കുന്നത്. ലോകത്തുള്ളവർ മനസ്സിലാക്കുന്നു, ഗീതയുടെ ഭഗവാൻ കൃഷ്ണനാണെന്ന്. ഇപ്പോൾ ബാബ പറയുന്നു, ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല. ഭഗവാനുവാച– ഞാൻ രാജയോഗം പഠിപ്പിച്ച് നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി അർത്ഥം നരനിൽനിന്നും നാരായണനും നാരിയിൽനിന്നും ലക്ഷ്മിയുമാക്കി മാറ്റുന്നു. ബാബ ചോദിക്കാറുണ്ട് നിങ്ങൾ സൂര്യവംശി നാരായണനായി മാറുമോ അതോ ചന്ദ്രവംശി രാമൻ. പറയും, ബാബാ, മുഖ്യലക്ഷ്യം സൂര്യവംശിയായി മാറുന്നതിനാണ്. എല്ലാവരും നമ്പർവൈസല്ലേ. വക്കീലുമാരും ചിലർ നല്ല വക്കീലായി മാറും, ചിലർ കുറഞ്ഞവരും. ഇനി ഡോക്ടറാണെങ്കിൽ ചിലർ ലക്ഷക്കണക്കിനു രൂപ സമ്പാദിക്കുന്നു, മറ്റു ചിലർ വളരെക്കുറച്ചും സമ്പാദിക്കും. പഠിപ്പിലാണ് മുഴുവൻ ആധാരവും. നിങ്ങളിലും ചിലർ വളരെയധികം സമ്പാദിക്കുന്നവരായിരിക്കും. സിംഹാസനത്തിലിരിക്കും. ഇത് വളരെ വലിയ ഈശ്വരീയ കോളേജാണ്. മറ്റു കോളേജുകളിൽ പരിധിയുണ്ട്. ഇത്ര ആൾ പാസ്സാകും. ഇത് പരിധിയില്ലാത്ത കോളേജാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്– നിങ്ങൾ അബലകൾക്ക് ബലം തരുന്നത് പരംപിതാ പരമാത്മാവുതന്നെയാണ്. അറിയുമോ, പരമാത്മാവായ അച്ഛനിൽനിന്ന് നമുക്ക് എത്ര ബലമാണ് ലഭിക്കുന്നത്. നമ്മൾ സേനകളാണ്. യുദ്ധമൈതാനത്തിലാണ് നിൽക്കുന്നത്. പുതിയ കാര്യമല്ലേ. ഗീതയിൽ പാണ്ഢവരുടേയും കൗരവരുടേയും യുദ്ധം കാണിച്ചിട്ടുണ്ട്. എന്നാൽ യുദ്ധത്തിന്റെ കാര്യം തന്നെയില്ല. ഓരോ കാര്യവും പുതിയതാണ്. കൃഷ്ണൻ ഭഗവാനല്ല, പുതിയ ലോകത്തിന്റെ രാജകുമാരനാണ്. പുതിയ ലോകത്തിലെ അധികാരിയാണ് ലക്ഷ്മീനാരായണൻ. പിന്നീട് അവരുടെ പിന്നാലെ കുട്ടികളും. അപ്പോൾ ലക്ഷ്മീനാരായണൻ സത്യയുഗീ മനുഷ്യസൃഷ്ടിയുടെ അധികാരിയാണ്. ഇവിടെ മനുഷ്യസൃഷ്ടിയുടെ രചയിതാവ് ബ്രഹ്മാവാണ്. ആദ്യമാദ്യം പരംപിതാ പരമാത്മാവ്. പിന്നീട് ബ്രഹ്മാവ് പിന്നീട് ലക്ഷ്മീനാരായണൻ. ഇവിടെ നിങ്ങൾ ബ്രാഹ്മണകുലത്തിലേതാണ്. ബ്രാഹ്മണകുലത്തിൽ വലിയത് ബ്രഹ്മാവ് തന്നെയാണ്. അവരും ബ്രാഹ്മണരാണ്, പക്ഷേ ബ്രഹ്മാകുമാർ കുമാരിമാരുടെ പേര് ഒരിക്കലും കേട്ടിട്ടില്ല. ഗീതയിലും ഈ പേരില്ല. അപ്പോൾ ഇത് പുതിയ കാര്യമാണല്ലോ. ഭാരതത്തെ ഹിന്ദുസ്ഥാൻ എന്നു പറയുന്നതുകാരണം ഹിന്ദുധർമ്മമാണെന്ന് പറയുന്നു. തന്റെ പ്രാചീന ധർമ്മത്തിന്റെ അറിവില്ല. ദേവതാധർമ്മം തന്നെയില്ല. തന്റെ ധർമ്മത്തെ അറിയാത്തതതുകാരണം എല്ലാം ഒരു ധർമ്മമാണെന്ന് പറയുന്നു. എന്നാൽ ഇവിടെ എല്ലാ ധർമ്മത്തിലുള്ളവർക്കും വരാം. ആർക്കു വേണമെങ്കിലും ഇവിടെ വന്നിരിക്കാം. ഫ്രീ ആണ്. എല്ലാ ധർമ്മങ്ങളേയും ബഹുമാനിക്കുന്നു. ഏത് ധർമ്മത്തിലുള്ളവർക്കും ഇവിടേക്ക് വരാം. പുറമേ നോക്കൂ മറ്റുള്ള ധർമ്മത്തിലുള്ളവരെ മാറ്റിക്കളയും. സിലോണിൽനിന്നും ബർമ്മയിൽനിന്നും ഇന്ത്യക്കാരെ പുറത്താക്കുന്നു. ഭാരതം വാസ്തവത്തിൽ പ്രാചീന ദേവീദേവതാ ധർമ്മത്തിലുള്ളതാണ്. പക്ഷേ അവർ ആരു വേണമെങ്കിലും വന്നു താമസിച്ചുകൊള്ളു എന്നാണ് പറയുന്നത്. എന്നാൽ എല്ലാവരും ഒപ്പം ഇരിക്കാനും സാധ്യമല്ല. അവിടവിടെ ധർമ്മങ്ങളുടെ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. പറയാറുണ്ട് ഭാരതം എല്ലാ ധർമ്മത്തിലുള്ളവർക്കും അഭയം കൊടുക്കും. അതുകൊണ്ട് ഭാരതത്തിന് മഹിമയുണ്ട്. ഇപ്പോൾ നിങ്ങൾ എല്ലാവരും പുതിയ കാര്യമാണ് കേൾക്കുന്നത്. ഈ സമയം ഭാരതത്തിൽ ദേവീദേവതാ ധർമ്മത്തിലെ ആരും തന്നെയില്ല. നമ്മൾ ആ പുതിയ ലോകത്തിനുവേണ്ടി പുരുഷാർത്ഥം ചെയ്യുകയാണ്. ശിവബാബ സ്വർഗ്ഗം രചിക്കുന്നു. എല്ലാവരും ബ്രഹ്മാവിന്റെ സന്താനമാണെങ്കിലും ബ്രാഹ്മണർക്കാണ് പ്രത്യേകത. അവരെ എപ്പോഴാണ് രചിച്ചത്. തീർച്ചയായും സംഗമത്തിൽത്തന്നെയാണ്. വർണ്ണവും നല്ലരീതിയിൽ കാണിക്കണം. നമ്മൾ ബ്രാഹ്മണർ, പിന്നീട്, ദേവത, ക്ഷത്രിയർ, വൈശ്യർ, ശൂദ്രരായി മാറുന്നു. അപ്പോൾ ഈ ജ്ഞാനം വളരെ ഗുഹ്യവും രമണീകവും ആണ്. ആരുടെ ബുദ്ധിയിലും ഇരിക്കുകയില്ല.

നിങ്ങൾ കുട്ടികൾ ഈ ജ്ഞാനത്തെ നല്ലരീതിയിൽ ധാരണ ചെയ്യൂ. ഒരിക്കലും ബ്രാഹ്മണിമാരോട് പിണങ്ങരുത്. പിണങ്ങി പഠിപ്പ് ഉപേക്ഷിക്കരുത്. ഇല്ലെങ്കിൽ പാതാളത്തിലേക്ക് പോകും. ബാബ കേൾപ്പിക്കുന്ന സമയത്ത് കേൾക്കുകതന്നെ വേണം. ഭക്തിമാർഗ്ഗത്തിൽ എത്ര നിയമങ്ങളാണ് ഉള്ളത്. ഗീത കേൾക്കുന്നത്, അതും വളരെ നിയമത്തോടുകൂടിത്തന്നെ കേൾക്കുന്നു. ക്ഷേത്രങ്ങളിലും നിയമങ്ങളോടെ

പോകുന്നു. ദിവസവും ഓരോ നിയമം ഉണ്ടാക്കുന്നു. നിങ്ങളുടെ നിയമം വളരെ കടുത്തതാണ്. ഒരു മണിക്കൂർ, അര മണിക്കൂർ..... പിന്നെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ ബുദ്ധിയുടെ പൂട്ട് തുറക്കുന്നു. വിചാരസാഗരമഥനം ചെയ്യുന്നത് ശിവബാബയല്ല. അവർക്ക് അതിന്റെ ആവശ്യം തന്നെയില്ല. നിങ്ങൾക്ക് ആവശ്യം ഉണ്ട് – ആർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കണം. അതുകൊണ്ട് ഒരിക്കലും പിണങ്ങിപ്പോകരുത്. പരസ്പരം ബഹുമാനം കൊടുക്കണം. പല കുട്ടികൾക്കും മഹാരഥിമാരെ ബഹുമാനിക്കാൻ പോലും അറിയില്ല. ബ്രാഹ്മണിമാർ മുഖ്യമാണ്. 10–12 പേരെയെങ്കിലും തനിക്ക് സമാനമാക്കുന്നുണ്ടല്ലോ. അപ്പോൾ അവരെ ബഹുമാനിക്കുകതന്നെ വേണം. നിങ്ങൾ ശിവബാബയുടെ ഏജന്റുമാരാണ്. എല്ലാ ഏജന്റുമാരും ഒരുപോലെയായിരിക്കില്ല. നമ്പർവാർ ആണ്. ചിലരാണെങ്കിൽ നല്ലരീതിയിൽ ധാരണ ചെയ്യുന്നു. രാവും പകലും സർവ്വീസിൽ തൽപ്പരരായിരിക്കും. ശിവബാബയും ഇവിടെ സർവ്വീസ് ചെയ്യാൻ വന്നിരിക്കയാണ്. ബാബ പറയുന്നു ഞാൻ ഡബിൾ ജോലിയാണ് ചെയ്യുന്നത്. ഭക്തരുടേയും സർവ്വീസ് ചെയ്യുന്നു. നിങ്ങൾക്കറിയാമോ മുഴുവൻ ലോകത്തിലും സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നു. കർത്തവ്യം ആരാണ് ചെയ്യുന്നത്. ഡ്രാമയിൽ എല്ലാം ആദ്യം തന്നെ അടങ്ങിയിട്ടുണ്ട്. ആ സമയത്തുതന്നെ സാക്ഷാത്കാരം ഉണ്ടാകുന്നു. മനസ്സിലാക്കുന്നു ഭഗവാൻ ദിവ്യദൃഷ്ടിയിലൂടെ സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നു, അവിടവിടെ സാക്ഷാത്കാരം ഉണ്ടാകുന്നു. ഈ സാക്ഷാത്കാരം പോലും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇതിൽ വലിയ വിശാലബുദ്ധി വേണം. ഇത് പുതിയ കാര്യമാണ്. സൃഷ്ടിയുടെ ചക്രം ബുദ്ധിയിൽ കറങ്ങിക്കൊണ്ടിരിക്കണം. ചിലർക്കെല്ലാം ഈ സ്വദർശനചക്രം നല്ലരീതിയിൽ കറക്കാൻ കഴിയും. ചിലർക്ക് കുറച്ചേ സാധിക്കുകയുള്ളു. നിങ്ങൾ സ്വദർശനചക്രധാരികളാണ്. സർവ്വീസിനുവേണ്ടി ബുദ്ധി കറങ്ങിക്കൊണ്ടിരിക്കും നമ്പർ അനുസരിച്ച്. ചിലർക്കാണെങ്കിൽ സ്വദർശനചക്രം കറക്കാൻ തന്നെ കഴിയില്ല. കാറ്റ് അടിക്കുന്നുണ്ടെങ്കിലും ചിലരുടെത് നല്ല വേഗതയോടെ കറങ്ങും, ചിലരുടേതാണെങ്കിൽ കുറവും. ചിലരുടേതാണെങ്കിൽ കറങ്ങുകയേ ഇല്ല. സ്വദർശനചക്രം കറങ്ങിയിട്ടില്ലെങ്കിൽ ബാക്കി എന്തു പദവി ലഭിക്കാനാണ്. അപ്പോൾ ഇതും പുതിയ കാര്യമാണ്. ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നുണ്ട്, സമ്പത്ത് എടുക്കണമെങ്കിൽ ഇപ്പോൾ എടുക്കൂ. അല്ലെങ്കിൽ വളരെ പശ്ചാത്തപിക്കും. കരയേണ്ടിവരും. ടീച്ചറുടെ ഷോ ചെയ്യണ്ടേ. ഇത് എത്ര വലിയ കോളേജാണ്. നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ പദവിയും നല്ലത് ലഭിക്കും. പ്രതിജ്ഞ ചെയ്യണം ഞങ്ങൾ പൂർണ്ണമായും ഫോളോ ചെയ്യും. ഫോളോ മദർ ഫാദർ. വക്കീലിന്റെ കുട്ടികൾ വക്കീൽ തന്നെ ആകണമെന്നില്ല. ചിലർ ഡോക്ടർ ആകും ചിലർ എഞ്ചിനീയർ, ചിലരാണെങ്കിൽ കള്ളനും കൊള്ളക്കാരനും ആയിത്തീരും. ബാബ പറയുന്നു എന്റെ ഷോ പുറത്തു വരണമെങ്കിൽ നിങ്ങൾ നരനിൽനിന്നും നാരായണനായിക്കാണിക്കൂ. എന്റേയും നിങ്ങളുടേയും മഹിമയുണ്ടാകും. നിങ്ങളും ദേവതയായി മാറും. നമ്മുടെ ക്ഷേത്രം ഉണ്ടാവുകയാണെങ്കിൽ നിങ്ങളുടേയും ഉണ്ടാകും. മുഖ്യമായ ക്ഷേത്രം ഒരു ശിവബാബയുടേതാകണം. പിന്നീട് അവരുടെ കൂടെ ബ്രഹ്മാവും കുട്ടികളും. ദിൽവാഡാ ക്ഷേത്രത്തിൽ വൈവിദ്ധ്യതയുണ്ട്. ഇതുതന്നെയാണ് ഏറ്റവും വലിയ ഓർമ്മചിഹ്നവും. നിങ്ങൾ ചൈതന്യത്തിലുള്ളവരാണ്. ശക്തികൾ സിംഹത്തിനുമേൽ സവാരി ചെയ്യുന്നതായും മഹാരഥികളെ ആനയുടെ മുകളിൽ സവാരി ചെയ്യുന്നതായും കാണിക്കുന്നു, ആനയെ മുതല വിഴുങ്ങുന്നു. ബാബയുടെ ഓർമ്മയില്ലായെങ്കിൽ മായ വിഴുങ്ങിക്കളയും. നല്ല നല്ല മഹാരഥികളെപ്പോലും മായ വിഴുങ്ങിക്കളയുന്നു. ഇതിൽ വളരെ ഗംഭീരതയും വേണം. അഭിമാനം വരികയും അരുത് – ഞാൻ ഇത് ചെയ്യുന്നു. എത്ര കഴിയുന്നുവോ മാതാക്കളെ മുന്നിൽ വെക്കണം. അമ്മമാരെ ബഹുമാനിക്കണം. എല്ലാ താക്കോലുകളും മാതാക്കളുടെ കയ്യിൽ ഉണ്ടാകണം. മാതാക്കളിലൂടെ വാർത്തകൾ വരണം. ചിലപ്പോഴെല്ലാം കന്യകമാരെക്കാളും മാതാക്കളെക്കാളും കുമാരന്മാർ സമർത്ഥന്മാരാകും. അവർക്ക് പിന്നീട് നിർദ്ദേശങ്ങൾക്ക് വേണ്ടി ബാബക്കെഴുതണം. അധികാരം സർക്കാറിന്റേയും രാജ്യം റാണിയുടേതും ആണ്. ആദ്യം റാണി, പിന്നീടാണ് രാജാവ്. ആദ്യം മാതാ ഗുരു വേണം. പുരുഷന്മാരെ ഗുരുവാക്കുന്നതിന് നിയമമില്ല. മാതാക്കളെ മുന്നിൽ വെക്കണം. നിയമം അതാണ് പറയുന്നത്. ഇങ്ങിനെയും ഉണ്ട് പുരുഷന്മാർ നിമിത്തമായി മാറി മാതാക്കളെ ജ്ഞാനത്തിലേക്ക് കൂട്ടികൊണ്ടുവരുന്നു. പക്ഷേ കൂടുതലും മാതാക്കളാണ്. അഹങ്കാരം വരരുത് – എനിക്ക് എല്ലാം അറിയാം, ഞാൻ സമർത്ഥനാണ്, സമർത്ഥരാക്കേണ്ടത് മാതാക്കളെയാണ്. മാതാക്കളിലൂടെയാണ് സെന്റർ മുതലായവ നടത്തേണ്ടത്. അന്തിമത്തിൽ സന്യാസി മുതലായവർക്ക് മാതാക്കളുടെ ബാണം ഏൽക്കണം. അതുകൊണ്ട് നിയമം അനുസരിച്ച് നടക്കണം. പരംപിതാ പരമാത്മാവിനെ നിന്ദിക്കുന്നവർക്ക് ഉയർന്ന പദവി ലഭിക്കില്ല. ബാബ എല്ലാവരോടും ശ്രദ്ധിക്കാൻ പറയുന്നുണ്ട്. വളരെ മധുരമുള്ളവരായി മാറണം. ആരുടെയെങ്കിലും സംസാരം ഇഷ്ടമായില്ലെങ്കിൽ ഒരു കാതിലൂടെ കേട്ട് മറു കാതിലൂടെ പുറത്തു കളയണം. ക്രോധം വളരെ നഷ്ടമുണ്ടാക്കും. ചിലർ എഴുതാറുണ്ട് കാമത്തേക്കാൾ വലിയതാണ് ക്രോധം എന്ന്. അല്ല. കാമം ആദി മധ്യ അന്ത്യം ദു:ഖം പ്രാപ്തമാക്കിത്തരുന്നു. പതീതപാവനൻ ഒരു ബാബ തന്നെയാണ്. സന്യാസി പാവനമാക്കി മാറ്റില്ല. നിങ്ങൾ പുതിയ കാര്യങ്ങൾ കേൾക്കുകയാണ്. ഉയർന്നതിലും

ഉയർന്ന ഭഗവാൻ ഇരുന്ന് നിങ്ങളെ പഠിപ്പിക്കുന്നു. അവരെത്തന്നെയാണ് ശ്രീ ശ്രീ എന്ന് പറയുന്നത്. പിന്നീട് മനുഷ്യസൃഷ്ടിയിൽ ശ്രീനാരായണൻ, ശ്രീലക്ഷ്മി, ശ്രീരാമൻ, ശ്രീ സീതയെയും പറയുന്നു. ശരി, അവരെ ഇതുപോലെ ശ്രേഷ്ഠമാക്കി മാറ്റിയതാരാണ്.. ശ്രീ ശ്രീ ശിവബാബ. ശരി,

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) പരസ്പരം ഐകമത്യത്തിലിരിക്കണം. മറ്റുള്ളവർക്ക് ബഹുമാനം കൊടുക്കണം. പിണങ്ങി ഒരിക്കലും പഠിപ്പ് ഉപേക്ഷിക്കരുത്.

2) ക്രോധം വളരെ നഷ്ടമുണ്ടാക്കുന്നതാണ്. അതുകൊണ്ട് ഏതൊരു കാര്യമാണോ ഇഷ്ടപ്പെടാത്തത്, അതിനെ ഒരു കാതിലൂടെ കേട്ട് മറ്റേ കാതിലൂടെ പുറത്തുകളയണം. ക്രോധിയാകരുത്. വളരെ വളരെ മധുരമുള്ളവരായി മാറണം.

## വരദാനം: ബുദ്ധി മുഖേന ശുദ്ധസങ്കല്പങ്ങളാകുന്ന ഭോജനം സ്വീകരിക്കുന്നവരായ സദാ സ്വച്ഛ ഹോളീഹംസമായി ഭവിക്കട്ടെ.

ഹോളീഹംസം ഒരിക്കലും ബുദ്ധിയിലൂടെ ജ്ഞാനമുത്തുക്കളല്ലാതെ മറ്റൊന്നും തന്നെ സ്വീകരിക്കുകയില്ല. ഉയർന്ന കുലത്തിലുള്ള ബ്രാഹ്മണാത്മാക്കൾ ഒരിക്കലും നീചമായ കാര്യങ്ങൾ സ്വീകരിക്കുകയില്ല. ഹോളീഹംസം അർത്ഥം സദാ സ്വച്ഛം, സദാ പവിത്രം, പവിത്രത തന്നെയാണ് സ്വച്ഛത. ഹോളിഹംസത്തിന് സങ്കല്പം പോലും അശുദ്ധമായത് സൃഷ്ടിക്കാൻ സാധിക്കില്ല. സദാ ശുദ്ധ സങ്കൽപങ്ങളാകുന്ന ഭോജനം കഴിക്കുന്ന ഹോളിഹംസം സദാ ആരോഗ്യശാലികളായിരിക്കുന്നു. അവരുടെ മേൽ ആരുടെയും പ്രഭാവം ഏൽക്കുകയില്ല.

## സ്ലോഗൻ:- മനസ്സിലൂടെ ശാന്തി കുണ്ഡത്തെ പ്രത്യക്ഷപ്പെടുത്തുന്ന ശാന്തപ്രിയ ആത്മാവാകൂ.